# എ.എം.എൽ.പി സ്കൂൾ പുന്നപ്പാടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## ആമുഖം

സമൂഹത്തിന്റെ പുരോഗതി വിദ്യഭ്യാസ വളർച്ചയെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തുന്നത്. ഭാഷ, ശാസ്ത്രം, ഗണിതം, എന്നിവയിലുള്ള അടിത്തറ കുട്ടികളിൽ കരുപ്പിടിപ്പിക്കുന്നതിലൂടെ സർവ്വതോൻമുഖമായ വ്യക്തിത്വവികാസത്തിന് തുടക്കമിടുന്നു. ഉത്തമ പൗരനായി ജീവിക്കുന്നതോടൊപ്പം സഹജീവികളോടും സമൂഹത്തോടുമുള്ള കടമകളുടെ നിർവഹണവും വിദ്യഭ്യാസത്തിലൂടെ സാധ്യമാവണം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എ.എം.എൽ.പി സ്കൂൾ പുന്നപ്പാടം 2025-26 അധ്യയന വർഷത്തിൽ മേൽ സൂചിപ്പിച്ച ലക്ഷ്യത്തിലേക്ക് എത്താൻ ആസൂത്രണം ചെയ്ത രൂപരേഖയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂളിന്റെ പൊതുവായ വിവരങ്ങൾ

പേര് : എ എം എൽ പി സ്കൂൾ പുന്നപ്പാടം

സ്ഥലം : പുന്നപ്പാടം

സ്ഥാപിത വർഷം : 1939

നിലവിലെ അവസ്ഥ : ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ 83 വിദ്യാർത്ഥികളും പ്രീ പ്രൈമറി ക്ലാസ്സിൽ 28 വിദ്യാർത്ഥികളും പ്രീ പ്രൈമറി ഉൾപ്പെടെ എട്ട് അധ്യാപകരും ഒരു പാചക തൊഴിലാളിയുമാണ് ജീവനക്കാർ. ക്ലാസുകൾ പ്രീപ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ എല്ലാ ക്ലാസ്സുകളും ഓരോ ഡിവിഷനായി പ്രവർത്തിക്കുന്നു.

## സ്കൂളിന്റെ ചരിത്രം

പാലക്കാട് ജില്ലയിലെ ആലത്തൂർ സബ്ജില്ല, കിഴക്കഞ്ചേരി പഞ്ചായത്തിൽ പുന്നപ്പാടം എന്ന കാർഷിക പ്രദേശത്ത് മതപഠനത്തിനായി യശശരീരനായ ശ്രീ കെ.സി ആലിയാർ സാഹിബ് 1929 സ്ഥാപിച്ചതാണ് ഈ വിദ്യാലയം. 1939ൽ എയ്ഡഡ് വിദ്യാലയമായി അംഗീകരിക്കപ്പെട്ടു. സ്ഥാപിതകാലത്ത് ഒന്നാംതരം മുതൽ അഞ്ചാം തരം വരെ ക്ലാസുകൾ ഉണ്ടായിരുന്നെങ്കിലും ഇടക്കാലത്ത് ചില സാങ്കേതിക കാരണങ്ങളാൽ അഞ്ചാം തരം നിർത്തലാക്കപ്പെട്ടു. 1998-99 കാലയളവിൽ അഞ്ചാം തരം വീണ്ടും പുനസ്ഥാപിക്കപ്പെട്ടു.

## ഭൗതിക സാഹചര്യങ്ങൾ

എയർകണ്ടീഷനിങ് ചെയ്യപ്പെട്ട സ്മാർട്ട് ക്ലാസ് മുറികൾ, സൗരോർജ്ജ വൈദ്യുത പാനൽ ,ഭംഗിയായി പരിപാലിച്ചുപോകുന്ന ചുറ്റുമതിലോട് കൂടിയ കെട്ടിടവും സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് പര്യാപ്തമായ തോതിൽ ശൗചാലയങ്ങൾ, ഉച്ചഭക്ഷണം ഒരുക്കുന്നതിനുള്ള അടുക്കള, കുട്ടികൾക്ക് വിനോദത്തിന് ഉതകുന്ന പാർക്ക്, സ്വന്തമായി വാഹനം.

**സ്കോളർഷിപ്പ് നേട്ടങ്ങൾ**

മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് നേട്ടങ്ങൾ 2021-22 വർഷത്തിൽ മൂന്ന് വിദ്യാർത്ഥികൾ എൽ എസ് എസ് നേടി. 2022-23, 2024-25 വർഷങ്ങളിലും വിദ്യാർത്ഥികൾ എൽ എസ് എസ് നേടി.

**സ്കൂൾ നേരിടുന്ന വെല്ലുവിളികളും പരിമിതികളും**

മിക്ക കുട്ടികളും നിർധനരായ കുടുംബ പശ്ചാത്തലങ്ങളിൽ നിന്നും വരുന്നവരാണ്. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരും കൂലിപ്പണിക്കാരുമായ രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ വേണ്ടവിധം ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്തത് ഒരു പരിമിതിയായി കണക്കാക്കപ്പെടുന്നു.

**സ്കൂളിന്റെ കാഴ്ചപ്പാടും ദൗത്യവും**

ദീർഘകാല ലക്ഷ്യങ്ങൾ

- പ്രദേശത്തെ മികച്ച മാതൃകാ വിദ്യാലയമായി ഉയർത്തി കൊണ്ടുവരിക.
- പഠനനിലവാരം ഉയർത്തുക.
- പാഠ്യേതര മേഖലകളിൽ വിദ്യാർഥികളെ പരിപോഷിപ്പിക്കുക.

**ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി കാണുന്ന മാർഗങ്ങൾ...**

രക്ഷിതാക്കളുമായി നിരന്തര ബന്ധം പുലർത്തും.

രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തും.

പഠന പിന്തുണ വേണ്ട കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.

കലാകായിക മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകും.

**അക്കാദമിക പ്രവർത്തനങ്ങൾ**

ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കഥാരചന, കവിത രചന, ചിത്രരചന, പത്രവായന, ലൈബ്രറി ഉപയോഗം, വായനാ മൂല, വിദ്യാരംഗം എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കും.

വിവിധ ഭാഷകൾ ഉൾപ്പെടുത്തി യുള്ള പ്രത്യേക അസംബ്ലികൾ സംഘടിപ്പിക്കും.

വിവിധ ദിനാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

ഇംഗ്ലീഷ്, മലയാളം, അറബി ഭാഷകളിൽ പതിപ്പുകൾ പുറത്തിറക്കും.

ലോക അറബിഭാഷ ദിനത്തോടനുബന്ധിച്ച് പ്രത്യേക പരിപാടി സംഘടിപ്പിക്കും.

ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളിൽ താൽപര്യം വളർത്തുന്നതിന് ക്ലബ്ബുകൾ രൂപീകരിക്കും ക്ലബ്ബുകളുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.

പഠനാനുഭവങ്ങൾ ക്രിയാത്മകവും ആകർഷണീയവും ആക്കുന്നതിന് പഠനയാത്ര, ക്ലാസ് റൂമുകളിൽ ഐസിടി ഉപയോഗം, കളികളിലൂടെയുള്ള പഠനം, വ്യത്യസ്തവും രസകരവുമായ പഠനോപകരണങ്ങൾ, എന്നിവ ഉപയോഗിച്ചുള്ള പഠനം കാര്യക്ഷമമാക്കും. കുട്ടികൾക്ക് ശുചിത്വവും സുരക്ഷിതത്വവും ഉള്ള പഠനം ഉറപ്പുവരുത്തും.

**മൂല്യബോധം വളർത്തിയെടുക്കൽ**

കുട്ടികളുടെ വ്യക്തിത്വവികാസത്തിന് രക്ഷിതാക്കൾക്കും കുട്ടികൾക്കും പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കും.

ലഹരി വിരുദ്ധ ബോധവൽക്കരണം സംഘടിപ്പിക്കും.

സാമൂഹിക ബന്ധങ്ങൾ മൂല്യബോധം വളർത്തിയെടുക്കൽ എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് പൊതുസ്ഥലങ്ങൾ, സാമൂഹ്യ സ്ഥാപനങ്ങൾ, (പോലീസ് സ്റ്റേഷൻ, ഫയർഫോഴ്സ്, കൃഷിഭവൻ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ) സന്ദർശിക്കും.

മതനിരപേക്ഷതയും ജനാധിപത്യപരവുമായ മൂല്യങ്ങളും ഉയർത്തുന്നതിന് സ്കൂൾതല തെരഞ്ഞെടുപ്പ് നടത്തും. വ്യത്യസ്ത മതവിഭാഗങ്ങളുടെ ആഘോഷങ്ങൾ വിദ്യാലയത്തിൽ കൂട്ടായി സംഘടിപ്പിക്കും. സ്കൂൾ തല ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ തുടങ്ങിയവ കുട്ടികളുടെ കഴിവ് വളർത്തുന്നതിന് വേണ്ടി ഉപയോഗപ്പെടുത്തും.

**ക്ലബ്ബ് പ്രവർത്തനങ്ങൾ**

കുട്ടികളെ അവരുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ ക്ലബ്ബുകളിൽ അംഗങ്ങളാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും. റീൽസ് വീഡിയോ എഡിറ്റിംഗ് ഡിജിറ്റൽ പോസ്റ്റർ തുടങ്ങിയ നൂതന പഠന രീതികൾ ക്ലബ്ബ് പ്രവർത്തനങ്ങളിൽ ഉപയോഗിക്കും.

***സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ***

പൂന്തോട്ട നിർമ്മാണം, പച്ചക്കറി തോട്ട നിർമ്മാണം, വൃക്ഷത്തൈ നടൽ, കർഷകരെ ആദരിക്കൽ, കർഷകരുമായുള്ള അഭിമുഖം സംഘടിപ്പിക്കൽ, പഠനയാത്ര, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഹരിത വിദ്യാലയം പ്രാവർത്തികമാക്കൽ.

***ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ***

ഗണിത മാഗസിൻ തയ്യാറാക്കൽ, ഗണിത കിറ്റ് നിർമ്മാണം, ഗണിതകേളി, ഗണിത മൂല തയ്യാറാക്കൽ, വിവിധ വസ്തുക്കൾ ഉപയോഗിച്ച് ജാമിതീയ രൂപങ്ങളുടെ നിർമ്മാണം, അബാക്കസ് പഠനം.

**രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്**

പി.ടിഎ, എം.പി.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥികൾ, മറ്റു ജന പ്രതിനിധികൾ, എന്നിവരുമായി ചർച്ച നടത്തി ആവശ്യമായ പിന്തുണ ഉറപ്പാക്കും. രക്ഷിതാക്കൾക്ക് ഭക്ഷ്യമേള സംഘടിപ്പിക്കും.

**അക്കാദമിക പ്രവർത്തനങ്ങൾ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്**

പ്രത്യേകം പഠനസഹായം ആവശ്യമുള്ള കുട്ടികൾക്ക് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതികൾ ഉൾപ്പെടുത്തി പ്രത്യേകം പിന്തുണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും. പ്രത്യേക ക്ലാസുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി വ്യക്തിതല മാസ്റ്റർ പ്ലാൻ ഓരോ കുട്ടിയെയും കുറിച്ച് പിന്തുണ നൽകേണ്ട വിഷയങ്ങളെ ആസ്പദമാക്കി പ്രവർത്തനങ്ങൾ വ്യക്തിതലത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കും

കുട്ടികൾക്ക് ഐ.സി.ടി ഉപയോഗിച്ച് പഠിക്കാനുള്ള അവസരം നൽകും. വായനശീലം വളർത്തുന്നതിന്, പത്രവായന, ലൈബ്രറി ബുക്ക് വായിച്ച് അവ പരിചയപ്പെടുത്തൽ, വായനാമൂല, പ്രസംഗം, എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും

ഓരോ ക്ലാസിലും വിഷയാടിസ്ഥാനത്തിൽ പ്രത്യേക പഠന പ്രവർത്തനങ്ങൾ നടത്തും പോസ്റ്റർ, റോൾപ്ലേ, പാവനാടകം, നിരീക്ഷണം, പരീക്ഷണം, കുറിപ്പ് തയ്യാറാക്കൽ, ഡയറിയെഴുത്ത്, പതിപ്പ് തയ്യാറാക്കൽ, കഥാരചന, കവിത രചന, പത്രനിർമാണം, ഐ.സി.ടി ക്ലാസുകൾ, വർക്ക് ഷീറ്റുകൾ, ഭക്ഷ്യമേള, വീഡിയോ പ്രദർശനം എന്നിവ നടത്തും.

**അധ്യാപക ശാക്തീകരണം.**

അധ്യാപകർക്ക് SSK ഫണ്ട് ഉപയോഗപ്പെടുത്തും.

അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങളിലും ശില്പശാലകളിലും പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തും.

അക്കാദമിക ചർച്ചകൾക്കും പഠനനിലവാരം വിലയിരുത്തുന്നതിനും എസ്.ആർ.ജി, സി.പി.ടി.എ, എസ്.എം.സി എന്നിവരുമായി ചർച്ച നടത്തി അനുയോജ്യമായ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

**പരീക്ഷാഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന്**

യൂണിറ്റ് ടെസ്റ്റ്, നാസ് പരിശീലനം, എൽ,എസ്.എസ് പരിശീലനം എന്നിവ സംഘടിപ്പിക്കും. മുൻവർഷങ്ങളിലെ ചോദ്യ പേപ്പറുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം നൽകും.

**അക്കാദമിക പിന്തുണയുടെ വിലയിരുത്തൽ**

വിവിധ മോണിറ്ററിംഗ് സംവിധാനങ്ങളിലൂടെ ഉറപ്പുവരുത്തും.

രക്ഷിതാക്കളിൽ നിന്ന് Feedback ശേഖരിക്കും

**സാമൂഹികം**

വയോജനങ്ങളെ ആദരിക്കൽ, സേവനവാരം ആചരിക്കൽ, എന്നീ പ്രവർത്തനങ്ങളിലൂടെ സാമൂഹിക സേവന മനോഭാവം കുട്ടികളിൽ വളർത്തിക്കൊണ്ടുവരും.

കലാകായിക രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം വിതരണം ചെയ്യും. സ്കൂൾ ശുചീകരണ പ്രവർത്തനങ്ങളും പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ സംഘടിപ്പിക്കും.

**വിഭവ സമാഹരണം**

പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം, മാനുഷിക വിഭവങ്ങൾ, മാനേജ്മെന്റ്, സ്റ്റാഫ്, പൂർവ്വ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിവരിൽ നിന്നും സമാഹരിക്കും.

വിവിധ പഠന പ്രവർത്തനങ്ങളിലൂടെ നേടിയ ശേഷികൾ സമൂഹ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പഠനമികവുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനോത്സവം സംഘടിപ്പിക്കും.

കുട്ടികളുടെ കലാ കായിക ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന വാർഷികം സ്കൂൾതലത്തിൽ സംഘടിപ്പിക്കും.

സ്കൂൾതലത്തിൽ കലോത്സവം സംഘടിപ്പിക്കും. സബ്ജില്ലാതലങ്ങളിൽ നടക്കുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും.